## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.333** | **23/01/2018-ൽ മറുപടിക്ക്**

### സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജ്

**ചോദ്യം**

ശ്രീ.സി.മമ്മൂട്ടി

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾ നിലവിൽ ഉണ്ട്; അവ എവിടെയെല്ലാം; ഇവയിൽ സെന്റർ ഫോർ എക്സലൻസ് നേടിയവ എത്ര എണ്ണം; അവ ഏതെല്ലാം; | (എ) | തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ ഉണ്ട്. ഇതിൽ സെന്റർ ഫോർ എക്സലൻസ് നേടിയവ ഇല്ല. |
| (ബി) | തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രാത്രികാല ക്യാഷ്വാലിറ്റിയോ മറ്റ് ചികിത്സ ലഭ്യമാകുന്ന സൗകര്യങ്ങളോ നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | കാഷ്വാലിറ്റി വിഭാഗം നിലവിലില്ല. എന്നാൽ ഐ.പി., ഒ.പി. സൗകര്യം ഉൾപ്പെടെ ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. |
| (സി) | തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുൾപ്പെടെയുള്ള മെഡിക്കൽ ജീവനക്കാർക്ക് മറ്റ് ഹോമിയോപ്പതി ക്ലിനിക്കുകളുടെ നിരക്കിലാണോ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നതെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ എന്തൊക്കെ വ്യത്യാസങ്ങളാണ് ശമ്പള/ആനുകൂല്യ ഇനങ്ങളിൽ ഇവർ തമ്മിലുള്ളതെന്ന് വെളിപ്പെടുത്തുമോ; | (സി) | സർക്കാർ ഹോമിയോ മെഡിക്കൽ കോളേജിൽ ഡോക്ടർമാർക്ക് യു.ജി.സി., സ്റ്റേറ്റ് എന്നീ രണ്ട് തരം സ്കെയിലുകളാണ് നിലവിലുള്ളത്. ഇതിൻ പ്രകാരമാണ് ഇവിടെ ശമ്പളം നൽകി വരുന്നത്. മെഡിക്കൽ എഡ്യൂക്കേഷൻ വിഭാഗമായതിനാൽ ഇവിടെയുള്ള അദ്ധ്യാപക തസ്തികകൾ മറ്റ് ഹോമിയോ ക്ലിനിക്കുകളിൽ നിലവിലില്ല. മറ്റ് മെഡിക്കൽ ജീവനക്കാർക്ക് സർക്കാർ ഹോമിയോ ക്ലിനിക്കുകളിൽ നൽകുന്ന നിരക്കിലാണ് ശമ്പളം നൽകി വരുന്നത്. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നൈറ്റ് ഡ്യൂട്ടി ഡോക്ടറുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാതിരിക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; പേര് പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും തൽസമയം ഡോക്ടർ സ്ഥലത്തില്ലാതാകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത്തരം പ്രവണത അവസാനിപ്പിച്ച രാത്രികാലചികിത്സ നൽകുന്നുണ്ടെങ്കിൽ അവ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുമോ? | (ഡി) | നൈറ്റ് ഡ്യൂട്ടി ഡോക്ടർമാരുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാതെയിരുന്നിട്ടുള്ള അവസ്ഥയും തത്സമയം ഡോക്ടർ സ്ഥലത്തില്ലാതാകുന്ന അവസ്ഥയും ഉണ്ടായിട്ടില്ല. തിരുവനന്തപുരം സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ.